⇨ അവർക്ക് വേണ്ട പിന്തുണ നൽകാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ? ⇨

# രെഹന ഫാത്തിമയ്ക്കെതിരായ അതിക്രമങ്ങൾ അവസാനിപ്പിക്കുക

സ്ത്രീകളുടെയും ലിംഗ–ലൈംഗിക ന്യൂനപക്ഷങ്ങളുടെയും മറ്റ് പാർശ്വവൽകൃതരായ മനുഷ്യരുടെയും ജനാധിപത്യ അവകാശങ്ങൾക്കു വേണ്ടിയും, ലിംഗ തുല്യതയ്ക്കുവേണ്ടിയുമെല്ലാം നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന രെഹന ഫാത്തിമക്കെതിരെ പുരുഷാധിപത്യ സമൂഹവും സർക്കാരും നടത്തിക്കൊണ്ടിരിക്കുന്ന അതിക്രമങ്ങളിൽ കലാ സാംസ്കാരിക സാമൂഹിക രാഷ്ട്രീയ രംഗങ്ങളിൽ പ്രവർത്തിക്കുന്ന ഞങ്ങൾ അതിശക്തമായി പ്രതിഷേധിക്കുന്നു.

**ജനാധിപത്യ കൂട്ടായ്മ**

**ഒരു** വ്യാഴവട്ടക്കാലമായി സ്ത്രീകളുടെയും ലിംഗ–ലൈംഗിക ന്യൂനപക്ഷങ്ങളുടെയും മറ്റ് പാർശ്വവൽകൃതരായ മനുഷ്യരുടെയും ജനാധിപത്യ അവകാശങ്ങൾക്കുവേണ്ടിയും, ലിംഗ തുല്യതയ്ക്കുവേണ്ടിയുമെല്ലാം നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന രെഹന ഫാത്തിമക്കെതിരെ പുരുഷാധിപത്യ സമൂഹവും സർക്കാരും നടത്തിക്കൊണ്ടിരിക്കുന്ന അതിക്രമങ്ങളിൽ കലാ സാംസ്കാരിക സാമൂഹിക രാഷ്ട്രീയ രംഗങ്ങളിൽ പ്രവർത്തിക്കുന്ന ഞങ്ങൾ അതിശക്തമായി പ്രതിഷേധിക്കുന്നു. ലൈംഗികതയുമായും ലിംഗനീതിയുമായും ബന്ധപ്പെട്ട സമരങ്ങളിൽ രെഹന കൈക്കൊണ്ടിട്ടുള്ള ശക്തവും സുവ്യക്തവുമായ രാഷ്ട്രീയ നിലപാടുകളാണ് ആർഷ ഭാരത സംസ്കാര സംരക്ഷകരെയും സംഘപരിവാർ സംഘടനകളെയും സദാചാര സംരക്ഷകരെയും സർക്കാരിനെയും അവർക്കെതിരെ തിരിയാൻ പ്രേരിപ്പിച്ചതെന്ന് നമുക്കറിയാം. ശബരിമല സന്ദർശനവുമായി ബന്ധപ്പെട്ട വിവാദങ്ങളിൽ നിയമപരമായി തന്നെ മുന്നോട്ടുപോയ രെഹനയെ കേന്ദ്ര സർക്കാർ സ്ഥാപനത്തിന്റെ സൽപ്പേരിനു കളങ്കം വരുത്തി എന്ന കുറ്റം ആരോപിച്ച്, ഇന്റേർണൽ എൻക്വയറി എന്ന പ്രഹസനം നടത്തി ജോലിയിൽ നിന്നും പിരിച്ചുവിട്ടു. സാമൂഹ്യ മാധ്യമങ്ങളിൽ അവരെ തെറികൾ വിളിക്കുകയും ഭീഷണിപ്പെടുത്തുകയും അവർ താമസിക്കുന്ന വീട് ആക്രമിക്കുകയും അവരുടെ മകളെ ബലാൽസംഗം ചെയ്യുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തവർക്കെതിരെയോ സർക്കാർ യാതൊരു നടപടിയും ഇതുവരെ കൈക്കൊണ്ടിട്ടില്ല.

ലിംഗ സമത്വവുമായി ബന്ധപ്പെട്ട വലിയൊരു മുന്നേറ്റമാണിതെന്നും മല കയറിയ സ്ത്രീകൾ വിപ്ലവനക്ഷത്രങ്ങളാണെന്നും പ്രഖ്യാപിച്ച് പല വഴിക്ക് പിരിഞ്ഞുപോയതല്ലാതെ മേൽപ്പറഞ്ഞ ആക്രമണങ്ങൾ ഏറ്റുവാങ്ങിയ രെഹനയടക്കമുള്ള സ്ത്രീകൾ നേരിട്ട ആക്രമണങ്ങൾ അവരിലും അവരുടെ കുടുംബങ്ങളിലുമുണ്ടാക്കിയ മാനസികാഘാതങ്ങൾ, തൊഴിൽപരമായും നിയമപരമായും അവർ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ എന്നിവയിൽ അവർക്ക് വേണ്ട പിന്തുണ നൽകാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ? ഈ വിഷയത്തിൽ ഇടപെട്ടാലുണ്ടാകുന്ന സകല നിയമപ്രശ്നങ്ങളും വ്യക്തിപരവും സാമൂഹികവും രാഷ്ട്രീയപരവുമായ പ്രശ്നങ്ങളും തൃണവല്ഗണിച്ചുകൊണ്ട് മുന്നോട്ടു പോയ സ്ത്രീകളെ പിന്തുണയ്ക്കേണ്ട രാഷ്ട്രീയ ഉത്തരവാദിത്തം നമുക്കുണ്ട്. വളരെ വൈകാരികമായ പ്രതികരണങ്ങൾ ഉണ്ടാക്കുന്ന ഇത്തരം വിഷയങ്ങൾ സമൂഹത്തിൽ ചർച്ചക്ക് വരു



മ്പോൾ നിശ്ശബ്ദരായിരിക്കുന്നവർ ഇതേ സദാചാര വാദം തന്നെയാണ് മുന്നോട്ടുവയ്ക്കുന്നതെന്നു മാത്രമല്ല മേൽപ്പറഞ്ഞ അക്രമികളെ പിന്തുണയ്ക്കുക കൂടിയാണ് ചെയ്യുന്നത്.

ശരീരത്തിന്റെ രാഷ്ട്രീയവുമായി ബന്ധപ്പെട്ടു രെഹന യൂട്യൂബിൽ പങ്കുവച്ച വീഡിയോയുമായി ബന്ധപ്പെട്ട കേസിലും ഇതേ സങ്കുചിത നിലപാട് തന്നെയാണ് സാംസ്കാരിക രാഷ്ട്രീയ കേരളം സ്വീകരിച്ചത്. സ്ത്രീ ശരീരം ഒരു ലൈംഗിക വസ്തു മാത്രമായി കാണുന്ന പുരുഷമേധാവിത്വ സമൂഹത്തിനെതിരെ സ്ത്രീകളും ലിംഗ ലൈംഗിക ന്യൂനപക്ഷങ്ങളും നടത്തിയ മുഴുവൻ സമരങ്ങളെയും അത്തരം സമരങ്ങളിലൂടെ നേടിയെടുത്ത അവകാശങ്ങളെയും ഇല്ലാതാക്കുന്ന രാഷ്ട്രീയ നിലപാടുകളാണ് പുരോഗമന കേരളവും സർക്കാരും കൈക്കൊണ്ടത്. രെഹനയുടെ മക്കളുടെ ആവശ്യപ്രകാരം രെഹനയുടെ ശരീരത്തിൽ അവരുടെ മകൻ ചെയ്ത ആർട്ട് സാമൂഹ്യ മാധ്യമങ്ങളിൽ പ്രചരിപ്പിച്ചു എന്ന കുറ്റം ആരോപിച്ചു രെഹനക്കെതിരെ എടുത്ത കേസിൽ പോക്സോയും ജുവനൈൽ ജസ്റ്റിസ് ആക്റ്റും ഉൾപ്പെടുത്തിയ സർക്കാർ പാലത്തായിയിൽ നടന്ന ബലാത്സംഗക്കേസിൽ സുവ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ അറസ്റ്റു ചെയ്യപ്പെട്ട പ്രതിയെ രക്ഷിക്കാൻ പോക്സോ അടക്കമുള്ള നിർണ്ണായക വകുപ്പുകൾ എടുത്തു മാറ്റി ജാമ്യം അനുവദിച്ചത് നാം കണ്ടതാണ്.

സ്ത്രീശരീരത്തിനുമേലുള്ള പാട്രിയാർക്കിയുടെ വ്യവസ്ഥാപിതമായ അധികാരങ്ങളെ, തുല്യത നിഷേധിക്കുന്ന സദാചാര സംഹിതകളെ, പെൺ ശരീരത്തിന്റെ വസ്തുവൽക്കരണത്തെ ഒക്കെ ചോദ്യം ചെയ്യുകയും സ്വന്തം ശരീരത്തിനുമേലുള്ള സ്ത്രീയുടെ അധികാരത്തെക്കുറിച്ച് സംസാരിക്കുകയും ശരീരം തന്നെ ഒരു രാഷ്ട്രീയ ആയുധമാക്കുകയും ചെയ്യുന്ന ബോഡി പൊളിറ്റിക്സ് തന്നെയാണ് രഹനയുടെ രാഷ്ട്രീയം. അവരുടെ രാഷ്ട്രീയ നിലപാടുകളോട് വിയോജിക്കാനോ യോജിക്കാനോ ആർക്കും സ്വാതന്ത്ര്യമുണ്ട്. പക്ഷേ, നിയമവിരുദ്ധമായ കേസുകളും, ഭീഷണികളും, ആൾക്കൂട്ട അക്രമണങ്ങളുമെല്ലാം പൗരബോധമോ തുല്യതയെക്കുറിച്ചുള്ള ധാരണകളോ ഇനിയും വികസിക്കാത്ത പ്രാകൃത സമൂഹത്തിന്റെ ലക്ഷണങ്ങളാണ്. രെഹനക്കെതിരെ നടക്കുന്ന സംഘപരിവാർ/സദാചാര സംരക്ഷകരുടെ ആക്രമണങ്ങളെ ചെറുക്കേണ്ടത് പൗരബോധമുള്ള സമൂഹത്തിന്റെയും ജനാധിപത്യ സർക്കാരിന്റെയും ഉത്തരവാദിത്വമാണ്.

സമൂഹത്തിൽ വർഗ്ഗീയ കലാപം ലക്ഷ്യമിട്ടുകൊണ്ട് മതവികാരം വ്രണപ്പെടുത്തുക എന്ന ഗുരുതരമായ കുറ്റം (295 A) ചുമത്തി അറസ്റ്റ് ചെയ്തു ജയിലിലടച്ചതിനു ശേഷം പ്രസ്തുത കുറ്റം തെളിയിക്കുന്ന ആധികാരികമായ ഒരു തെളിവ് പോലും ഹാജരാക്കാൻ പോലീസിനിത് വരെ സാധിച്ചിട്ടില്ല. അത് മാത്രമല്ല സമാനമായ കേസുകളിൽ യാതൊരു നിയമനടപടിയും എടുക്കാതെ രെഹനയെ ലക്ഷ്യം വയ്ക്കുന്നത് രെഹനയുടെ മുസ്ലീം ഐഡന്റിറ്റിയും പരമ്പരാഗതമായ പുരുഷമേധാവിത്വ സംവിധാനങ്ങളെ വെല്ലുവിളിച്ചുകൊണ്ടുള്ള സ്വതന്ത്ര ജീവിതവുമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. സർവ്വ സാധാരണമായ സാമൂഹിക സങ്കൽപ്പങ്ങളിൽ ഒതുങ്ങാത്ത സ്ത്രീ/ ക്വിയർ ജീവിതങ്ങളെ അടിച്ചമർത്തി സദാചാര സങ്കല്പങ്ങൾ അരക്കിട്ടുറപ്പിക്കുന്നതിൽ മലയാളികൾക്കുള്ള നൈപുണ്യം മുൻപും നാം കണ്ടറിഞ്ഞിട്ടുള്ളതാണ്. ഈ വസ്തുതകൾ കണക്കിലെടുത്തുകൊണ്ട് വളരെ ശക്തമായ പ്രതിഷേധങ്ങളിലേക്ക് നമ്മൾ നീങ്ങിയില്ലെങ്കിൽ അവർ ഇന്നനുഭവിച്ചുകൊണ്ടിരിക്കുന്ന ഗുരുതരമായ മനുഷ്യാവകാശ ലംഘനങ്ങൾ നിർബാധം തുടരും.

രെഹനയെ പിന്തുണച്ചുകൊണ്ട് നിരവധി പ്രതികരണങ്ങൾ സാമൂഹിക മാധ്യമങ്ങളിലും പത്രമാധ്യമങ്ങളും വന്നെങ്കിലും ഹൈക്കോടതിയിലും സുപ്രീം കോടതിയിലും കേസ് നടത്തുന്നതിനായുള്ള യാതൊരു തരത്തിലുള്ള സഹായങ്ങളും രെഹനക്ക് ലഭ്യമായിട്ടില്ല. ആയതിനാൽ ഈ അവസരത്തിൽ അവരെ പിന്തുണയ്ക്കാൻ സക്രിയമായ കൂട്ടായ്മയും സഹകരണവും അത്യന്താപേക്ഷിതമാണെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. രെഹനക്കും ഇത്തരം വിഷയങ്ങളിൽ

രാഷ്ട്രീയ നിലപാടെടുത്തതിന്റെ പേരിൽ പ്രശ്നങ്ങൾ നേരിടുന്ന മറ്റു സ്ത്രീകൾക്കും ആവശ്യമായ സാമൂഹികവും സാമ്പത്തികവും വൈകാരികവും നിയമപരവും രാഷ്ട്രീയപരവുമായ പിന്തുണ നൽകാനും ലിംഗ സമത്വവുമായി ബന്ധപ്പെട്ട സമരങ്ങളോട് ഐക്യപ്പെടുവാനും പൊതു സമൂഹത്തോടും കലാ സാംസ്കാരിക സാമൂഹിക രാഷ്ട്രീയ പാരിസ്ഥിതിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ സുഹൃത്തുക്കളോടും ഞങ്ങൾ ആവശ്യപ്പെടുകയാണ്.

ശബരിമല വിഷയത്തിലടക്കം രെഹനയുടെ പേരിൽ എടുത്തിട്ടുള്ള മുഴുവൻ കള്ളക്കേസുകളും പിൻവലിക്കണമെന്നും പോക്സോയുടെ ദുരുപയോഗവും, അധികാര ദുർവിനിയയോഗവും അവസാനിപ്പിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളണമെന്നും കേരള സർക്കാരിനോട് ഞങ്ങൾ ആവശ്യപ്പെടുന്നു. നിയമവിരുദ്ധമായി സംഘം ചേർന്ന് സാമൂഹ്യ മാധ്യമങ്ങളിൽ തെറികൾ വിളിക്കുകയും ഭീഷണിപ്പെടുത്തുകയും അവർ താമസിക്കുന്ന ബി.എസ്.എൻ.എൽ ക്വാർട്ടേഴ്സ് ആക്രമിക്കുകയും അവരുടെ മകളെ ബലാൽസംഗം ചെയ്യുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തവർക്കെതിരെ ശക്തമായ നിയമ നടപടികൾ കൈക്കൊള്ളണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. നിയമപരമായ വിശദീകരണങ്ങൾ പലകുറി നൽകിയിട്ടും അന്വേഷണ കമ്മീഷൻ മുമ്പാകെ ആധികാരികമായ തെളിവുകൾ ഹാജരാക്കിയിട്ടും രെഹനയെ ജോലിയിൽ നിന്നും പിരിച്ചു വിട്ട ബി.എസ്.എൻ.എൽ നടപടി റദ്ദാക്കി അവരെ ജോലിയിൽ തിരിച്ചെടുക്കണമെന്നും ബി.എസ്.എൻ.എല്ലിനോട് ഞങ്ങൾ ആവശ്യപ്പെടുന്നു. ജോലിയിൽ നിന്ന് അന്യായമായി പിരിച്ചു വിട്ടതിനെതിരെ രെഹ്ന സമർപ്പിച്ച ഹർജിയിൽ തീരുമാനമാകുന്നതിനു മുൻപ് രെഹനയെയും കുടുംബത്തെയും ബി.എസ്.എൻ.എൽ ക്വാർട്ടേഴ്സിൽ നിന്നും പുറത്താക്കാനുള്ള നടപടി പിൻവലിക്കണമെന്നും ബി.എസ്.എൻ.എല്ലിനോട് ഞങ്ങൾ ആവശ്യപ്പെടുന്നു. ■

## കോവിഡ് പ്രതിരോധത്തിൽ ബദൽ ആരോഗ്യമേഖലകളെയും ഉൾപ്പെടുത്തുക

(മുഖ്യമന്ത്രിക്കും ആരോഗ്യ മന്ത്രിക്കും അയയ്ക്കുന്ന നിവേദനം)

കോവിഡ് 19 നെ പ്രതിരോധിക്കുന്നതിനായി ഇന്ന് കേരളത്തിൽ നടക്കുന്ന പ്രവർത്തനങ്ങളിൽ ആധുനിക ചികിത്സയ്ക്കൊപ്പം ആയുഷ് പദ്ധതിയിൽ ഉൾപ്പെട്ട ഹോമിയോപ്പതി, ആയുർവേദം തുടങ്ങിയ ചികിത്സാ വിഭാഗങ്ങളും പങ്കുചേരുന്നുണ്ടല്ലോ. രോഗ പ്രതിരോധത്തിന്റെ കാര്യത്തിൽ ലോകാരോഗ്യ സംഘടന നിർദ്ദേശിച്ചിട്ടുള്ള വ്യക്തി ശുചിത്വ നടപടികൾക്കും സാമൂഹിക അകലം പാലിക്കലിനും ഒപ്പം ചില സ്ഥലങ്ങളിലെങ്കിലും ഹോമിയോപ്പതി, ആയുർവേദ മരുന്നുകൾ വിതരണം ചെയ്തതായാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. അത്തരം മരുന്നുകളെക്കുറിച്ച് ജനങ്ങൾക്ക് ഭയാശങ്കകൾ വേണ്ടെന്ന് ആരോഗ്യമന്ത്രി കെ.കെ. ശൈലജ തന്നെ പ്രസ്താവിച്ചിട്ടുമുണ്ട്. വ്യാപകമായ തോതിൽ കോവിഡ് 19 സമൂഹത്തിൽ പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ ആയുഷ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള മറ്റ് വൈദ്യശാഖകളിലെ പ്രതിരോധ മരുന്നുകൾ ഫലപ്രദമാണെങ്കിൽ കോവിഡ് വ്യാപനത്തെ നിയന്ത്രിക്കുന്നതിനായുള്ള വളരെ ചിലവ് കുറഞ്ഞ ഉപാധിയായിരിക്കും അതെന്ന് ഉറപ്പാണ്. അവ സമൂഹത്തിന് വലിയ ആശ്വാസമായി മാറുകയും ചെയ്യും. പക്ഷെ ആ മരുന്നുകൾ നൽകുന്ന പ്രതിരോധശേഷിയെക്കുറിച്ച് വ്യക്തയുണ്ടാകണമെങ്കിൽ അവയുടെ ഫലപ്രാപ്തിയെക്കുറിച്ച് ആധികാരിമായ പഠനങ്ങൾ കേരളത്തിൽ നടക്കേണ്ടതുണ്ട്. സമഗ്രമായ ഒരു സമീപനം ചികിത്സാരംഗത്ത് ആവശ്യമാണെന്നും അക്കാര്യത്തിൽ അലോപ്പതിക്ക് ഒപ്പം മറ്റ് ചികിത്സാരീതികളും കഴിയുന്ന മേഖലകളിൽ സഹകരിച്ച് മുന്നോട്ടുപോകണം എന്നും ആഗ്രഹിക്കുന്ന നിരവധി ആരോഗ്യപ്രവർത്തകർ നമ്മുടെ സംസ്ഥാനത്തുണ്ട്. ഈ ദിശയിലുള്ള ഒരു സംയോജിത ശ്രമത്തിന്റെ സാധ്യത കോവിഡ് 19ന് എതിരായ പ്രതിരോധത്തിൽ പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ഇതിനായി, ആയുഷ് പദ്ധതിയുടെ ഭാഗമായ ചികിത്സാ ശാഖകൾ വിതരണം ചെയ്ത മരുന്നുകളുടെ അളവ്, അവ എത്ര ആളുകൾക്കിടയിൽ എപ്പോൾ മുതൽ എവിടെയെല്ലാം വിതരണം ചെയ്തു, കോവിഡ് 19 നെ പ്രതിരോധിക്കുന്നതിൽ ഇത് എത്രമാത്രം ഫലപ്രദമായെന്നാണ് തുടർന്ന് ടെസ്റ്റുകളിലൂടെ ബോധ്യമായത് തുടങ്ങിയ കാര്യങ്ങളുടെ സ്ഥിതിവിവര കണക്കുകൾ തയ്യാറാക്കേണ്ടതുണ്ട്. സമൂഹത്തിൽ നടത്തുന്ന ചികിത്സാപരമായ ഇടപെടലുകളുടെയും അവയുടെ വിജയത്തിന്റെയും വിശ്വാസ്യത ഉറപ്പുവരുത്താൻ ഇത്തരം വിവരങ്ങൾ അത്യന്താപേക്ഷിതമാണ്. ഹോമിയോ, ആയുർവേദം തുടങ്ങിയ ശാഖകളിൽ ജോലി ചെയ്യുന്ന സർക്കാർ ഡോക്ടർമാരുടെയും ആരോഗ്യപ്രവർത്തകരുടെയും സഹകരണത്തോടെ ഇത്തരം പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനും അതിന്റെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും സർക്കാർ മുൻകൈയെടുക്കണം എന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ഇതിലൂടെ ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ, അലോപ്പതിക്കൊപ്പം മറ്റ് ഫലപ്രദമായ ചികിത്സാ സമ്പ്രദായങ്ങളെ കൂടി ഉൾപ്പെടുത്തി വരാനിരിക്കുന്ന കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ പുനരാവിഷ്കരിക്കുന്നതിനും സർക്കാർ സന്നദ്ധമാകണം. കോവിഡ് 19 നെ പ്രതിരോധിക്കുന്നതിൽ കേരളത്തിന് അത് അഭിമാനകരമായ ഒരു നേട്ടമായി മാറുകയും ചെയ്യും. ഒപ്പം കോവിഡ് ചികിത്സയിലും ആയുഷ് വിഭാഗത്തിലുള്ള വൈദ്യശാഖകളുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനും സർക്കാർ തയ്യാറാകണം. അടിയന്തിരമായി കേരള സർക്കാർ ഇക്കാര്യങ്ങൾ പരിഗണിക്കണം എന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

എന്ന്,

**ജനകീയ ആരോഗ്യ പ്രവർത്തകർ**